**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 95** **15-10-2026-ൽ മറുപടിയ്ക്ക്**

**റോഡ് സുരക്ഷ**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ**

ശ്രീ. ഗോവിന്ദൻ പള്ളിക്കാപ്പിൽ

ശ്രീ. പി. പ്രസാദ്

ശ്രീമതി ഗീതാ ഗോപി

ശ്രീ. കെ. കെ. വത്സരാജ്

**മറുപടി നൽകിയ മന്ത്രി**

ശ്രീ. പി. കെ. ബഷീർ

(പൊതുമരാമത്ത് വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്തെ പൊതുമരാമത്ത് റോഡുകളിൽ അപകടം അനുദിനം വർദ്ധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ റോഡ് നിർമ്മാണത്തിലെ ന്യൂനതകൾ കാരണം അപകടങ്ങൾ ഉണ്ടാകുന്നത് പരിശോധനാ വിധേയമാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

**മറുപടി:** ഉണ്ട്. റോഡ് നിർമ്മാണത്തിലെ ന്യൂനതകളാണ് റോഡപകടങ്ങളുടെ പ്രധാന കാരണമെന്ന് വിലയിരുത്താനാവില്ല. എന്നാൽ, റോഡുകളുടെ അപര്യാപ്തതകൾ അപകടങ്ങൾക്ക് കാരണമാകുന്ന ഘടകങ്ങളിൽ ഒന്നാണ്. അമിതവേഗതയും ഗതാഗതനിയമങ്ങളുടെ ലംഘനവുമാണ് റോഡപകടങ്ങളുടെ പ്രധാന കാരണങ്ങളായി കണക്കാക്കപ്പെടുന്നത്.

സംസ്ഥാനത്ത് പൊതുമരാമത്ത് റോഡുകൾ ഉൾപ്പെടെയുള്ള പാതകളിൽ ഗുരുതരമായ റോഡപകടങ്ങൾ സംഭവിക്കുന്ന സ്ഥലങ്ങളിൽ പോലീസ്, മോട്ടോർ വാഹന വകുപ്പ്, ബന്ധപ്പെട്ട റോഡ് ഏജൻസികൾ എന്നിവയുടെ നേതൃത്വത്തിൽ സംയുക്ത പരിശോധന നടത്തി അപകടകാരണങ്ങൾ കണ്ടെത്തുകയും പരിഹാരമാർഗങ്ങൾ നിർദ്ദേശിക്കുകയും ചെയ്യാറുണ്ട്. കൂടാതെ നാറ്റ്പാക് മുഖേന ശാസ്ത്രീയ പഠനങ്ങൾ നടത്തി പ്രധാന അപകടമേഖലകൾ ബ്ലാക്ക് സ്പോട്ടുകളായി കണ്ടെത്തുകയും, അവിടങ്ങളിൽ ആവശ്യമായ പരിഹാര നടപടികൾ സ്വീകരിക്കുന്നതിനായി ബന്ധപ്പെട്ട വകുപ്പുകളുമായി ചേർന്ന് സംയുക്ത പരിശോധനകൾ നടത്തിവരികയും ചെയ്യുന്നു.

**(ബി)** റോഡ് പുനർനിർമാണത്തിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് മുമ്പായി ഓരോ റോഡിലും മുൻകാലത്തുണ്ടായിട്ടുള്ള അപകടങ്ങളും നിലവിലെ അപകടസാധ്യതകളും പരിശോധിക്കാറുണ്ടോ; വിശദമാക്കാമോ;

**മറുപടി:** ഉണ്ട്. റോഡ് പുനർനിർമ്മാണത്തിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനു മുമ്പ് സൈറ്റിന്റെ നിലവിലെ അവസ്ഥ, മുൻകാലങ്ങളിൽ ഉണ്ടായിട്ടുള്ള അപകടങ്ങൾ, നിലവിലുള്ള അപകടസാധ്യതകൾ എന്നിവ പരിശോധിച്ച്, അതിനനുസൃതമായി റോഡ് സുരക്ഷാ ക്രമീകരണങ്ങൾ ഉൾപ്പെടെയുള്ള ആവശ്യമായ ഇനങ്ങൾ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയാണ് ഭരണാനുമതി നൽകുന്നത്. പ്രവൃത്തി ആരംഭിക്കുന്ന ഘട്ടത്തിലും പൂർത്തീകരണ ഘട്ടത്തിലും റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട എല്ലാ ക്രമീകരണങ്ങളും സൈറ്റിൽ നടപ്പാക്കിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തുന്നുണ്ട്.

പൊതുമരാമത്ത് വകുപ്പിന്റെ ദേശീയപാതാ വിഭാഗത്തിൽ അപകടസാധ്യതയുള്ള സ്ഥലങ്ങൾ (ബ്ലാക്ക് സ്പോട്ടുകൾ) IRC:131-L:2022-ലെ ക്ലോസ് 4 പ്രകാരം MoRTH മുഖേന തിരിച്ചറിഞ്ഞ് ലഭ്യമാക്കുന്നുണ്ട്. ഇത്തരം ബ്ലാക്ക് സ്പോട്ടുകളിൽ താൽക്കാലിക പരിഹാരങ്ങളും ശാശ്വത പരിഹാരങ്ങൾ ആവശ്യമായ സ്ഥലങ്ങളിൽ അവയും ഉൾപ്പെടുത്തിയാണ് റോഡ് പുനർനിർമ്മാണത്തിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തികൾ നടപ്പിലാക്കുന്നത്.

റോഡപകടസാധ്യത കൂടുതലുള്ള സ്ഥലങ്ങളിൽ മുന്നറിയിപ്പ് നൽകുന്നതിനും അപകടസാധ്യത കുറയ്ക്കുന്നതിനുമായി സോളാർ ബ്ലിങ്കറുകൾ സ്ഥാപിക്കൽ, വാഹനങ്ങളുടെ വേഗത കുറയ്ക്കുന്നതിനായി റംബിൾ സ്ട്രിപ്പുകൾ, സ്പീഡ് ഹമ്പുകൾ, ട്രാൻസ്‌വേഴ്‌സ് ബാർ മാർക്കിംഗുകൾ എന്നിവ ഒരുക്കൽ, റിട്രോ റിഫ്ളക്ടീവ് റോഡ് സൈനുകൾ, തെർമോപ്ലാസ്റ്റിക് പെയിന്റിംഗ്, റോഡ് സ്റ്റഡുകൾ, ഡെലിനിയേറ്ററുകൾ എന്നിവ സ്ഥാപിക്കൽ തുടങ്ങിയ സുരക്ഷാ നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ, അപകടകരമായ വളവുകളിലും മീഡിയനുകളിലും മെറ്റൽ ക്രാഷ് ബാരിയറുകളോ വയർ റോപ്പ് ബാരിയറുകളോ സ്ഥാപിക്കുന്നുണ്ട്. അപകടസാധ്യത കൂടുതലുള്ള വളവുകൾ നിവർത്തുക, കാരിയേജ് വേയുടെ വീതി വർധിപ്പിക്കുക തുടങ്ങിയ നടപടികളും അപകടസാധ്യത കുറയ്ക്കുന്നതിനായി സ്വീകരിച്ചുവരുന്നു.

**(സി)** നിർമ്മാണം പൂർത്തീകരിച്ച റോഡുകളിൽ അപകടസാധ്യതകൾ കണ്ടെത്തുന്നതിനും പരിഹരിക്കുന്നതിനുമായി നിരന്തര പരിശോധനകൾ നടത്താറുണ്ടോ; വിശദമാക്കാമോ;

**<u>മറുപടി:</u>** ഉണ്ട്. നിർമ്മാണം പൂർത്തീകരിച്ച റോഡുകളിലെ അപകടസാധ്യതയുള്ള ബ്ലാക്ക് സ്പോട്ടുകൾ നാറ്റ്പാക് മുഖേന കണ്ടെത്തുകയും വിവിധ അനുബന്ധ വകുപ്പുകൾ വഴി പരിശോധന നടത്തി പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കുകയും ചെയ്യുന്നുണ്ട്.

**(ഡി)** ഓരോ റോഡിലും പുതിയതായി രൂപപ്പെടുന്ന കവലകൾ, കയ്യേറ്റങ്ങൾ, വാഹന സാന്ദ്രതയിലുള്ള മാറ്റം എന്നിവയുടെ അടിസ്ഥാനത്തിലുള്ള ക്രമീകരണങ്ങളും നടപടികളും റോഡ് പുനരുദ്ധാരണത്തോടൊപ്പം പരിഗണിക്കാറുണ്ടോ; വിശദമാക്കാമോ?

**<u>മറുപടി:</u>** ഉണ്ട്. പുതുതായി പുനരുദ്ധാരണം ചെയ്യുന്ന റോഡുകളിൽ കവലകൾ, വാഹന സാന്ദ്രതയിലെ മാറ്റം എന്നിവ അനുസരിച്ച് ഡിസൈൻ വിഭാഗത്തിന്റെ സഹായത്തോടെ സ്ഥലമെടുപ്പ് ആവശ്യമെങ്കിൽ അത്തരം സാഹചര്യങ്ങൾ കൂടി കണക്കിലെടുത്താണ് എസ്റ്റിമേറ്റ് ഭരണാനുമതിയ്ക്കായി തയ്യാറാക്കുന്നത്. കയ്യേറ്റങ്ങൾ ശ്രദ്ധയിൽപ്പെടുന്ന മുറയ്ക്ക് തന്നെ ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. റോഡ് പുനരുദ്ധാരണം നടക്കുന്ന അവസരങ്ങളിൽ റവന്യൂ അധികൃതരുമായി ബന്ധപ്പെട്ട് boundary demarcate ചെയ്യേണ്ട അവസരങ്ങളിൽ ആയത് കൂടി ഉൾപ്പെടുത്തി, കയ്യേറ്റങ്ങൾ ഉണ്ടെങ്കിൽ Highway Protection Act പ്രകാരം അവയും ഒഴിപ്പിച്ച ശേഷമാണ് പ്രവൃത്തി ക്രമീകരിക്കുന്നത്.

കൂടാതെ പൊതുമരാമത്ത് വകുപ്പ് ദേശീയപാതകളിൽ റോഡു പുനരുദ്ധാരണ സമയത്ത് ഓരോ റോഡിലെയും നിലവിലുള്ള സാഹചര്യങ്ങളും, പുതുതായി രൂപപ്പെട്ട കവലകൾ, റോഡിലേക്കുള്ള കയ്യേറ്റങ്ങൾ, വാഹന സാന്ദ്രത, റോഡിന്റെ വീതി, കാൽനടയാത്രക്കാരുടെ സഞ്ചാരം എന്നിവ പരിഗണിച്ച് ആവശ്യമായ റോഡ് വീതി ക്രമീകരണം, ജംഗ്ഷൻ മെച്ചപ്പെടുത്തൽ, ഡ്രൈനേജ് സംവിധാനം, റോഡ് മാർക്കിംഗ് സൈൻ ബോർഡുകൾ, സുരക്ഷാ സംവിധാനങ്ങൾ എന്നിവ ഉൾപ്പെടുത്തിയാണ് ഡി.പി.ആർ തയ്യാറാക്കുന്നത്.

**സെക്ഷൻ ഓഫീസർ**